# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P. | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2017

തിരുവനന്തപുരം
03-02-2017

സ്വീകർത്താവ്

ബഹു.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവൻ, പട്ടം
തിരുവനന്തപുരം

സർ,

വിഷയം: ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് അധിക നികുതി - സർക്കുലർ റദ്ദ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന : സർക്കുലർ നമ്പർ: FA/TAX CELL/IT/2016-17/17.1.2017

KSEB Ltd ന്റെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർ അധിക ഇൻകം ടാക്സ് നൽകണമെന്ന് ബോർഡ് സർക്കുലർ അയച്ചിരിക്കുകയാണ്. ട്രാൻസ്മിഷൻ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർ ബോർഡിന്റെ എന്തോ അധിക ആനുകൂല്യം പറ്റുന്നുവെന്നും അതുകൊണ്ട് നിലവിലുള്ള ഗ്രോസ് സാലറിയുടെ (15%/10%/7%) തുകയും കൂടിച്ചേരുന്നത് ആകെ വരുമാനമായി കണക്കാക്കി ഇൻകം ടാക്സ് ഈടാക്കണമെന്നാണ് സർക്കുലറിൽ പറയുന്നത്. ഇൻകം ടാക്സ് ആക്ട് നിലവിൽ വന്നത് 1961 ലാണ്. അന്നുതൊട്ട് നാളിതുവരെയില്ലാതിരുന്ന വിഷയമാണ് ഇപ്പോൾ അടിച്ചേൽപ്പിക്കുന്നത്. ജനറേഷൻ, കൺസ്ട്രക്ഷൻ തുടങ്ങിയ മേഖലകൾ പോലെ തന്നെ 24 മണിക്കൂറും ജാഗരൂകരാകേണ്ട മേഖലയാണ് ട്രാൻസ്മിഷനും. ട്രാൻസ്മിഷൻ മേഖലയിലുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്നവർക്കാണ് അധിക ബാധ്യതയുണ്ടാകാൻ പോകുന്നത്. പൊട്ടിപ്പൊളിഞ്ഞ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നതിനെ ആനുകൂല്യമായി കണക്കാക്കാൻ പാടില്ല. അത് Perquisite അല്ല. ഫാക്ടറീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന KSEB Ltd ന്റെ കീഴിൽ വരുന്ന ക്വാർട്ടേഴ്സുകൾ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇതിനെ Perquisite ആയി കണക്കാക്കാൻ പാടില്ല. ഇത്തരത്തിൽ കണക്കാക്കണമെന്ന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും യാതൊരു നിർദ്ദേശവും വന്നിട്ടില്ല. ആയതിനാൽ ജീവനക്കാർക്ക് മേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന സൂചന ഉത്തരവ് പിൻവലിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

[signature]

ജനറൽ സെക്രട്ടറി